LIBRARY ARCHIVES Kerala Legislative Assembly

4. നാഷണൽ കൺസ്ട്രക്ഷൻ & ഇൻഫ്രാസ്ട്രക്ചർ അക്കാദമി

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ കീഴിൽ ചാത്തന്നൂർ മണ്ഡലത്തിലെ ചാത്തന്നൂരിൽ സ്വന്തമായുള്ള പത്തേക്കർ ഭൂമിയിൽ രാജ്യാന്തര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിന് 1-3-2011-ൽ അന്നത്തെ എൽ.ഡി.എഫ് സർക്കാർ തറക്കല്ലിട്ടതാണ്. തുടർന്ന് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ പ്രസ്തുത അക്കാദമിക്കെതിരായ സമീപനം സ്വീകരിച്ചതിനാൽ തുടർനടപടിയുണ്ടായില്ല. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈ കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി അന്നത്തെ തൊഴിൽ വകുപ്പുമന്ത്രി പ്രത്യേക യോഗം വിളിച്ചുചേർക്കുകയും അക്കാദമി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ പുതിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചാത്തന്നൂരിലെ നാഷണൽ കൺസ്ട്രക്ഷൻ ആൻഡ് ഇൻഫ്രാസ്ട്രക്ചർ അക്കാദമി സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപരേഖയ്ക്ക് നിർമ്മാണത്തൊഴിലാളി ക്ഷേമ ബോർഡ് അനുമതി നൽകുകയും ചെയ്തു. തുടർന്ന് പ്രസ്തുത ഡി.പി.ആർ-ന് സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുതന്നെ അക്കാദമിയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുന്ന നിലയിലായിരുന്ന പ്രവർത്തനങ്ങൾ നടന്നിരുന്നത്. പക്ഷേ ഡി.പി.ആർ.-ന് സർക്കാർ അംഗീകാരം ലഭിച്ച് ഏറെനാൾ പിന്നിട്ടെങ്കിലും പ്രസ്തുത കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നത് സംബന്ധിച്ച തുടർനടപടികൾക്ക് കാലതാമസം നേരിടുകയാണ്. ആയതിനാൽ തൊഴിലാളികൾക്കും അവരുടെ മക്കൾക്കും ഏറെ പ്രയോജനപ്രദമാകുന്ന പ്രസ്തുത കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. ജി. എസ്. ജയലാൽ എം.എൽ.എ. ഉന്നയിച്ച പ്രശ്നം പ്രത്യേകമായി പരിഗണിക്കേണ്ടതുതന്നെയാണ്. ഹൈദരാബാദിലുള്ള National Academy of Construction എന്ന സ്ഥാപനത്തിന്റെ മാതൃകയിൽ National Construction & Infrastructure Academy (NCIA) എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് Kerala Building and Other Construction Workers Welfare Board തീരുമാനിച്ചു. അതിന്റെ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് Uralungal Labour Contract Co-operative Society-യെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനം സമർപ്പിച്ച പ്രോജക്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രൊപ്പോസൽ 7-2-2020-ലെ 09/2020-ാം നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. കാലോചിതമായ ചില കൂട്ടിച്ചേർക്കലുകൾ വരുത്തി ഭേദഗതി വരുത്തിയ രൂപരേഖ അംഗീകാരത്തിനായി Kerala Building and Other Construction Workers Welfare Board സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പുതുക്കി സമർപ്പിച്ച രൂപരേഖയിൽ ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച അടിയന്തര നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് എത്രയുംവേഗം നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. പ്രസ്തുത വിഷയം ഉന്നയിച്ചതിന്റെയടിസ്ഥാനത്തിൽ ഒരു പ്രത്യേക യോഗം ഇതുമായി ബന്ധപ്പെട്ട് കൂടുന്നതുമാണ്.

5. ടൂറിസം സർക്യൂട്ട്

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഓണാട്ടുകരയുടെ ഹൃദയഭൂമിയും പ്രത്യേക കാർഷിക മേഖലയുമാണ് മാവേലിക്കര. ഒൻപതാം നൂറ്റാണ്ടിൽ ഇവിടെയാണ് ബുദ്ധ പ്രതിമ സ്ഥാപിക്കപ്പെട്ടത്. എ.ഡി. 823-ൽ സ്ഥാപിക്കപ്പെട്ട ദക്ഷിണകാശി എന്നറിപ്പെടുന്ന കണ്ടിയൂർ മഹാദേവ ക്ഷേത്രം, 1080 വർഷങ്ങൾക്ക് മുമ്പ് സ്ഥാപിക്കപ്പെട്ട പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ, 12-ാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ട മാരിയമ്മൻ കോവിൽ, 200 വർഷം പഴക്കമുള്ള ഹിദായത്തുൽ ഇസ്ലാം സമാജം മുസ്ലീം ജമാഅത്ത് ആദിക്കാട്ടുർ വലിയപള്ളി, നൂറ്റാണ്ടുകൾ പഴക്കമുള്ള മേട്ടുമ്പുറം ഉപ്പൂപ്പാ ഖബർ സ്ഥാനം, യുനെസ്കോയുടെ അംഗീകാരം നേടിയ ചെട്ടികുളങ്ങര ക്ഷേത്രം, കുംഭഭരണി മഹോത്സവം ലോക പ്രശസ്തമാണ്. 400 വർഷത്തിലേറെ പഴക്കമുള്ള ശ്രീകൃഷ്ണസ്വാമി ക്ഷേത്രവും 1845-ൽ സ്ഥാപിച്ച സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ചും മാവേലിക്കരയിലാണ്. ഈ ആരാധനാലയങ്ങൾ പൗരാണിക ശിൽപ്പചാതുര്യത്തിന് മകുടോദാഹരണവും പതിനായിരക്കണക്കിന് വിശ്വാസികൾ എത്തിച്ചേരുന്നവയുമാണ്. ആധുനിക മലയാള ഭാഷയുടെ തമ്പുരാൻ കേരള പാണിനി എ. ആർ. രാജരാജവർമ്മയുടെ സ്മാരകം 'ശാരദാ മന്ദിരം' ഇവിടെയാണ്. റാണി ലക്ഷ്മീഭായിയുടെ നിർദ്ദേശപ്രകാരം കേണൽ മൺട്രോ സ്ഥാപിച്ച 200 വർഷത്തിലേറെ പഴക്കമുള്ള കോടതിയും 400 വർഷത്തിലേറെ പഴക്കമുള്ള മണ്ഡപത്തിൻകടവ്, ലോക പ്രശസ്ത ചിത്രകാരൻ രാജാ രവിവർമ്മയുടെ സ്മരണയ്ക്കായി 1915-ൽ സ്ഥാപിച്ച രാജാ രവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ്, നരേന്ദ്രപ്രസാദ് നാടക പഠന ഗവേഷണ കേന്ദ്രം, ശിവാനന്ദാശ്രമം, നവോത്ഥാന നായകൻമാരുടെ നാമധേയത്തിൽ ആരംഭിക്കുന്ന പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം മാവേലിക്കരയിൽ നൂറനാടാണ് സ്ഥാപിക്കുന്നത്. മാവേലിക്കരയിലെ നൂറനാട്, പാലമേൽ പഞ്ചായത്തുകൾ ദേശാടന പക്ഷികൾ എത്തിച്ചേരുന്ന പ്രദേശവും പക്ഷി ഗ്രാമവുമാണ്. നൂറനാടിനെ